**K18U 0254**

Reg. No.: ..............................

Name : ..................................

## VI Semester B.A. Degree (CCSS-Supple.) Examination, May 2018
## CORE COURSE IN MALAYALAM
## 6B13 MAL : Bhashacharithram, Alankaram, Vritham
## (2012-2013 Admns.)

Time : 3 Hours | Max. Weightage : 30

I. താഴെക്കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **(4×1=4 വെയിറ്റേജ്)**

1) ഒറ്റവാക്കിൽ ഉത്തരമെഴുതുക.

എ) കേരളകൗമുദിയുടെ രചയിതാവാര് ?

ബി) 'മൂലദ്രാവിഡഭാഷയുടെ സ്വതന്ത്രശാഖയാണ് മലയാളം' എന്ന വാദം ഉന്നയിച്ചതാര് ?

സി) ലഭ്യമായവയിൽ ഏറ്റവും പഴക്കമുള്ള ശാസനം ഏത് ?

ഡി) അർത്ഥശാസ്ത്രം രചിച്ചതാര് ?

2) ബ്രായ്ക്കറ്റിൽ നിന്ന് ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക.

എ) ഭാഷാസംക്രമവാദം അവതരിപ്പിച്ചതാര് ?

(കേരളപാണിനി, സി. എൽ. ആന്റണി, ആറ്റൂർ കൃഷ്ണപിഷാരടി, കോവുണ്ണി നെടുങ്ങാടി)

ബി) ആദ്യത്തെ യാത്രാവിവരണകൃതി ഏതാണ് ?

(സംക്ഷേപവേദാർത്ഥം, ജ്ഞാനമുത്തുമാല, വർത്തമാനപ്പുസ്തകം, ബ്രഹ്മാണ്ഡപുരാണം)

സി) പാട്ടുസാഹിത്യത്തിലെ ആദ്യകൃതി ഏതാണ് ?

(കണ്ണശ്ശരാമായണം, രാമചരിതം, കണ്ണശ്ശഭാഗവതം, കൃഷ്ണഗാഥ)

ഡി) താഴെപ്പറയുന്നവയിൽ ഭാഷാവൃത്തമേതാണ് ?

(മാലിനി, സ്രഗ്ദ്ധര, കേക, മല്ലിക)

P.T.O.

3) താഴെക്കൊടുത്തിട്ടുള്ള കൃതികളുടെ കർത്താക്കളാര് ?

എ) കേരളഭാഷയുടെ വികാസപരിണാമങ്ങൾ

ബി) കേരളസാഹിത്യ ചരിത്രം

സി) വൃത്തമഞ്ജരി

ഡി) ഭാഷാഗദ്യം

4) പൂരിപ്പിക്കുക.

എ) _________ മദനതതഗം നാലുമാറേഴുമായിഗം

ബി) ചില്ലുകൂട്ടക്ഷരം താനോ പിൻ വന്നാൽ ഹ്രസ്വവും _________

സി) _________ താൻ രൂപകാതിശയോക്തിയാം.

ഡി) _________ ആവർത്തിച്ചു കഥിച്ചീടിൽ യമകം പലമാതിരി.

5) ചേരുംപടി ചേർക്കുക.

| | |
|---|---|
| എ) ഭാഷാഭൂഷണം | എ) പാട്ടുസാഹിത്യം |
| ബി) ലീലാതിലകം | ബി) സാഹിത്യചരിത്രം |
| സി) രാമചരിതം | സി) അലങ്കാരശാസ്ത്രം |
| ഡി) കൈരളിയുടെ കഥ | ഡി) മണിപ്രവാള ലക്ഷണഗ്രന്ഥം |

II. **എഴുപത്തിയഞ്ച് (75)** വാക്കിൽ കവിയാതെ **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക.
**(4×1=4 വെയിറ്റേജ്)**

6) സ്വഭാവോക്തിയുടെ ലക്ഷണമെഴുതി ഉദാഹരിയ്ക്കുക.

7) 'അർത്ഥാന്തരന്യാസം' ലക്ഷ്യലക്ഷണം ചെയ്യുക.

8) വസന്തതിലകം-ലക്ഷണമെന്ത് ? ഉദാഹരിച്ച് ഗണം തിരിക്കുക.

9) രഥോദ്ധത – ലക്ഷണമെഴുതി ഉദാഹരിയ്ക്കുക.

10) മിഷനറി ഗദ്യമലയാളം – കുറിപ്പെഴുതുക.

11) ശാസന ഭാഷയുടെ പ്രത്യേകതകൾ വിവരിയ്ക്കുക.

III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക.
**(5×2=10 വെയിറ്റേജ്)**

12) മലയാള ഭാഷയുടെ ഉല്പത്തിയെക്കുറിച്ചുള്ള വാദമുഖങ്ങൾ സംഗ്രഹിക്കുക.

13) ഉപമ-ഉൽപ്രേക്ഷ – താരതമ്യം ചെയ്യുക.



14) പാട്ടിന്റെ ലക്ഷണമെന്ത് ? രാമചരിതം പാട്ടുകൃതിയാണോ എന്ന് പരിശോധിയ്ക്കുക.

15) ഭാഷാവൃത്തങ്ങളുടെ പ്രത്യേകതകൾ വിവരിയ്ക്കുക.

16) ഉദയം പേരൂർ സുനഹദോസിന്റെ ചരിത്രപ്രാധാന്യം വിലയിരുത്തുക.

17) കുന്തൽവാദത്തിന്റെ പ്രസക്തി വിവരിയ്ക്കുക.

18) 'തെല്ലിതിൻസ്പർശമില്ലാതെയില്ലലങ്കാരമൊന്നുമേ' – വിശദമാക്കുക.

IV. **മുന്നൂറു (300)** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
**(3×4=12 വെയിറ്റേജ്)**

19) എഴുത്തച്ഛന്റെ ഭാഷാരീതി, വർണ്ണനാപാടവം ഇവ വിശദമാക്കുക.

20) ജ്ഞാനപ്പാന സാധാരണക്കാരന്റെ കീർത്തനവും ദാർശനിക കാവ്യവുമാണ് – വിലയിരുത്തുക.

21) സാമ്യോക്തി അലങ്കാരമെന്നാലെന്ത് ? വിശദമാക്കി ഉദാഹരിയ്ക്കുക.

22) അന്യഭാഷാസ്വാധീനം മലയാള സാഹിത്യത്തിനുണ്ടാക്കിയ നേട്ടങ്ങൾ പരിശോധിക്കുക.

23) കിളിപ്പാട്ടു വൃത്തങ്ങളേതെല്ലാം ? ഉദാഹരണസഹിതം സമർത്ഥിക്കുക.